# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3123 03/04/2013-ൽ മറുപടിയ്ക്ക്

## തെങ്ങുകൃഷി വികസനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി | **കെ.പി.മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് തെങ്ങുകൃഷി വികസനത്തിനു കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | എ) സംസ്ഥാനത്ത് തെങ്ങുകൃഷി വികസനത്തിനു കൃഷിവകുപ്പു നിരവധി പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. സംസ്ഥാനാവിഷ്കൃത കേര വികസന പദ്ധതി, നാളികേര വികസന ബോർഡുമായി സഹകരിച്ചു നടപ്പാക്കുന്ന തെങ്ങുകൃഷി പുനരുദ്ധാരണ പദ്ധതി, നാളികേര ബോർഡിന്റെ പദ്ധതിയായ സംയോജിത നാളികേരവികസന പദ്ധതി, കുട്ടനാട് പാക്കേജ്, ഇടുക്കി പാക്കേജ്, രാഷ്ട്രിയ കൃഷി വികാസ്യോജന എന്നിവയാണ്. |
| ബി) രോഗപ്രതിരോധ ശേഷിയും അതുൽപാദന ശേഷിയുമുള്ള തെങ്ങിൻ തൈകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ചനടപടികൾ വ്യക്തമാക്കുമോ; | ബി) 2013-14 വർഷത്തേക്ക് ജൂൺ-ജൂലൈ മാസത്തിൽ വിതരണം നടത്തുന്നതിനായി 8.69 ലക്ഷം വെസ്റ്റ് കോസ്റ്റ് റ്റോൾ (wct ) വിത്തു തേങ്ങയും 2.714 ലക്ഷം സങ്കരയിനം വിത്തു തേങ്ങകളും സംസ്ഥാനത്ത് വിവിധ ഭാഗങ്ങളിൽ പ്പാകിയിട്ടുണ്ട്. ഇതിൽ ഏകദേശം 6.84 ലക്ഷം തെങ്ങിൻ തൈകൾ വിതരണത്തിനായി പ്രതീക്ഷിക്കുന്നു. ഇതു കൂടാതെ അടുത്ത വർഷം (2014-15 ) തൈകളുടെ വിതരണത്തിനായി ആകെ 8.69 ലക്ഷം വെസ്റ്റ് കോസ്റ്റ് റ്റോൾ ഇനം വിത്തു തേങ്ങയും, 2.714 ലക്ഷം സങ്കരയിനം വിത്തു തേങ്ങയും ശേഖരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനായി ആകെ 235.54 ലക്ഷം രൂപ ചിലവഴിച്ചിട്ടുണ്ട്.<br><br>കേരള കാർഷിക സർവ്വകലാശാല കേരശ്രീ, കേര ഗംഗ, ലക്ഷ ഗംഗ, അനന്ത ഗംഗ, കേര സൗഭാഗ്യ, |

കേരസാഗര എന്നീ അത്യുല്പാദന ശേഷിയുള്ള സങ്കരയിനങ്ങളും കേരള കാർഷിക സർവ്വകലാശാല വികസിപ്പിച്ചെടുക്കുകയും, 1 ലക്ഷത്തോളം തൈകൾ വിതരണം ചെയ്തിട്ടുമുണ്ട്.

| | |
|---|---|
| സി) ഈ പദ്ധതിപ്രകാരം തെങ്ങുകൾ വെട്ടിമാറ്റി പുതിയ തൈകൾ വയ്ക്കുന്നതിന് നൽകുന്ന ധനസഹായം എത്രയാണെന്നും ഓരോ ജില്ലയിലും ഇതിനായി എവിടെയാണ് സമീപിക്കേണ്ടതെന്നും അറിയിക്കുമോ? | സി) തെങ്ങുകൃഷി പുനരുദ്ധാരണ പദ്ധതിയിൽ രോഗം ബാധിച്ചതും, ഉൽപാദന ക്ഷമത കുറഞ്ഞതുമായ തെങ്ങുകൾ വെട്ടിമാറ്റുന്നതിന് 20 തെങ്ങുകൾക്ക് 500 രൂപ നിരക്കിലും, അതിനു ശേഷമുള്ള 12 തെങ്ങുകൾക്ക് 250 രൂപ നിരക്കിലും പരമാവധി സബ്സിഡി ഒരു ഹെക്ടറിന് 13000 രൂപ എന്ന് നിജപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന നാളികേര വികസന പദ്ധതി യിൽ 1 തെങ്ങ് മുറിച്ചു മാറ്റുന്നതിന് 500 രൂപ ആനുകൂല്യമായി ന്ലകും. കുട്ടനാട് പാക്കേജ് പദ്ധതി പ്രദേശത്തും, ഇടുക്കി പാക്കേജ് പദ്ധതി പ്രദേശത്തും ഒരു തെങ്ങ് മുറിച്ചു മാറ്റുന്നതിന് 250 രൂപയാണ് നൽകുന്നത്. ഓരോ പദ്ധതിയിലും അപേക്ഷിക്കാൻ ആതാത് പദ്ധതി നടപ്പാക്കുന്ന ജില്ലയിലെ കൃഷി ഭവനുമായോ. ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസുമായോ ബന്ധപ്പെടേണ്ടതാണ്. |

സെക്ഷൻ ഓഫീസർ